പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4019

19.03.2018-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്കുള്ള റേഷൻ കാർഡുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളിൽ പലർക്കും ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്കായുള്ള റേഷൻ കാർഡുകളാണ് വിതരണം ചെയ്തിട്ടുള്ളതെന്ന റിപ്പോർട്ടുകൾ ഫിഷറീസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബി.പി.എൽ. നിർണ്ണയത്തിന് നിലവിലുള്ള മാനദണ്ഡങ്ങൾ പരിശോധിക്കുന്നതിനും മത്സ്യബോർഡിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ മത്സ്യ അദാലത്തുകളിൽ ലഭ്യമായ അപേക്ഷകൾ സിവിൽ സപ്ലൈസ് വകുപ്പിന് കൈമാറിയിട്ടു ണ്ട്. കൂടാതെ, മുഴവൻ മത്സ്യത്തൊഴിലാളികളെയും ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തേണ്ടവരാണെന്ന കാര്യം സിവിൽ സപ്ലൈസ് വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുമുണ്ട്. |
| (ബി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും ബി.പി.എൽ. കാർഡ് നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള എന്ത് നിർദ്ദേശമാണ് ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പിന് നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ